# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4044 — 27.06.2012ൽ മറുപടിയ്ക്ക്

## ചാത്തന്നൂരിലെ മേജർ ഇറിഗേഷൻ പ്രവൃത്തികൾ

ചോദ്യം : ശ്രീ. ജി. എസ്. ജയലാൽ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) മേജർ ഇറിഗേഷൻ വകുപ്പ് മുഖേന 2011-2012-ൽ ചാത്തന്നൂർ നിയോജക മണ്ഡലത്തിലേക്ക് നിർദ്ദേശിച്ചിരുന്ന പ്രവൃത്തികൾ എന്തൊക്കെയായിരുന്നു, ; ഇതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു ; പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം തുടരുന്നതോ, പൂർത്തീകരിച്ചതോ ആയ പ്രവൃത്തികൾ ഉണ്ടോ ; വിശദാംശം അറിയിക്കുമോ ; | (എ) ഉത്തരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.<br>അനുബന്ധം ഒന്നിൽ 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. 5 മുതൽ 9 വരെയുള്ള പ്രവൃത്തികൾക്ക് അംഗീകാരം ലഭിക്കേണ്ടതുണ്ട്.<br>10-)ം നമ്പർ പ്രവൃത്തിയായ കല്ലുവാതുക്കൽ പഞ്ചായത്തിൽ ആട്ടതല പാലത്തിന് താഴ്ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ആർ.എം.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിയ്ക്കായി ഡി.എൽ.ഇ.സി കൊല്ലം, അംഗീകരിച്ച് സ്റ്റേറ്റ് ഹൈ ലെവൽ കമ്മിറ്റി തിരുവനന്തപുരത്തിന് സമർപ്പിച്ചതിന് അംഗീകാരം ലഭിച്ചിട്ടില്ല. |
| (ബി) 2012-2013 വർഷത്തിൽ മേൽപ്പറഞ്ഞ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായുള്ള പ്രവൃത്തികൾ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്തെങ്കിലും നിർദ്ദേശം നൽകിയിരുന്നുവോ ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ? | (ബി) ഉത്തരം അനുബന്ധം രണ്ടായി ചേർത്തിരിക്കുന്നു.<br>പ്രസ്തുത ലിസ്റ്റിൽ 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾക്ക് ഡി.എൽ.ഇ.സിയിൽ നിന്നും അംഗീകാരം ലഭിക്കേണ്ടതുണ്ട്. 5-)ം നമ്പർ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു.<br>6 മുതൽ 9 വരെയുള്ള പ്രവൃത്തികൾക്ക് എസ്.എൽ.ഇ.സി യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.<br>10-)ം നമ്പർ പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ടെന്റർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ